പരിശോധിച്ചപ്പോൾ 4 പഞ്ചായത്തുകളാണ് ഇപ്പോൾ നിർദ്ദേശിക്കുന്ന One-man Treasury – യുടെ പരിധിയിൽ വരുന്നത്. അവിടെ സബ്ട്രഷറി തുടങ്ങുന്നതിന് അനുബന്ധമായിട്ടുള്ള സ്ഥാപനങ്ങളോ ഏരിയായോ ഇല്ല എന്നുള്ളതാണ് റിപ്പോർട്ട്. പുതിയ സബ് ട്രഷറി ആരംഭിക്കണമെന്നുണ്ടെങ്കിൽ അതിനനുസരിച്ചുള്ള സ്റ്റാഫും കമ്പ്യൂട്ടറൈസേഷൻ സൗകര്യങ്ങളും വേണം. ബാക്കി എല്ലാ ട്രഷറികളെയുംപോലെ കമ്പ്യൂട്ടറൈസ് ചെയ്യണം. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ സ്റ്റാഫ് ക്രിയേഷനെ സംബന്ധിച്ചും മറ്റും പണം ചെലവാക്കുന്നതിന് കുറച്ച് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം തൽക്കാലം ഗവൺമെന്റിന്റെ പരിഗണനയിലില്ല. ശ്രീ. സതീശ്ചന്ദ്രന്റെ നിരന്തരമായ നിവേദനം പരിശോധിക്കാം.

(8) കരിമണൽ മേഖലയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ സഭയിൽ പലപ്പോഴും പ്രതിഫലിച്ചു കേട്ടിട്ടുള്ള കാര്യമാണ് കരിമണൽ ഖനനം. ഗൾഫ് രാജ്യങ്ങൾക്ക് എണ്ണപോലെയാണ് കേരളത്തിന് കരിമണൽ. ഒരു നൂറ്റാണ്ടു കാലമായി ഇതിന്റെ ഖനനം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു മൈനിംഗ് പോളിസിയില്ല. രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ ഖനനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഐ.ആർ.ഇ.-യും. കെ. എം. എം. എൽ.-ഉം. കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സ്ഥാപനങ്ങൾ. ഒരു യൂണിഫോം പോളിസി ഇല്ലാത്തതിന്റെ ഭാഗമായി കരിമണൽ ചൂഷണം ചെയ്യാൻവേണ്ടി ആൾക്കാരെ കുടിയൊഴിപ്പിക്കുമ്പോൾ ചണ്ടി വലിച്ചെറിയുന്നതുപോലെ വലിച്ചെറിയുകയാണ്. ഒരു റീ-സെറ്റിൽമെന്റ് പോളിസിയില്ല. ഒരു പക്ഷേ എത്ര വിചിത്രമായ അല്ലെങ്കിൽ ഈ നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മറ്റൊരു സംസ്ഥാനത്തും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ആൾക്കാരുടെ പണത്തിനുള്ള അന്നത്തെ ആവശ്യം കണ്ടുകൊണ്ട് കുറച്ചു കാശ് കൊടുക്കുക, അവർ വീടും വസ്തുവും കൊടുക്കുക. അവർ എവിടെ പോയി താമസിക്കും? അതുമാത്രമല്ല, ആദ്യകാലം മുതൽ ഇങ്ങനെ ഈ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെട്ടവർക്ക് തൊഴിൽ കൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയില്ല. ഐ. ആർ. ഇ.-യെ സംബന്ധിച്ചിടത്തോളം പല പ്രശ്നങ്ങൾകാരണം മൈനിംഗ് നിന്നിരിക്കുകയാണ്. കെ. എം. എം. എൽ. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായിട്ടുപോലും സ്ഥലം എടുക്കുന്നവർക്ക് തൊഴിൽ കൊടുക്കുന്ന ഒരു സംവിധാനം ഇപ്പോഴില്ല. ഐ. ആർ. ഇ. ഒരുപരിധിവരെ വെൽഫെയർ ഫോറം എന്നുള്ള നിലയിൽ കുറച്ചുപേർക്ക് തൊഴിൽ കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട രാജൻബാബുവിന്റേയും കരുണാകരന്റേയും

LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളിയിലും ചവറയിലുമാണ് ഈ മൈനിംഗ് നടക്കുന്നത്. രണ്ടും ഒരു നിത്യ തലവേദനയാണ്.

മി. സ്പീക്കർ : ..... യെസ്.

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാനിത് കാളിംഗ് അറ്റൻഷനായിട്ട് തന്നതായിരുന്നു. ഇത് സബ്മിഷനാക്കി മാറ്റിയതാണ്. രണ്ടു മിനിട്ട് സംസാരിക്കണം. ഇതു വരുമ്പോൾ ഈ കുടിയൊഴിപ്പിക്കുന്നവർ നിരന്തരം പ്രക്ഷോഭത്തിലേക്ക് നീങ്ങുകയാണ്. സുനാമി വന്നതിനെത്തുടർന്ന് രണ്ട് കമ്പനികളുടേയും പ്രവർത്തനം നിലച്ചതുപോലെയാണ്. അതിലും വ്യത്യസ്ത സമീപനമാണ്. പല പ്രശ്നങ്ങൾ കാരണമാണ് മൈനിംഗ് നിന്നിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് എതിരെയുള്ള വികാരം പ്രകടിപ്പിച്ചു വരുമ്പോൾ ഒരു ഭാഗത്ത് തൊഴിലാളികളുടെ കുറ്റം കൊണ്ടല്ല പണി നടക്കാത്തത് എന്നു കണ്ടുകൊണ്ട് ഐ. ആർ. ഇ. തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ തയ്യാറാണ്. പക്ഷേ നിർഭാഗ്യവശാൽ കെ. എം. എം. എൽ.-ൽ അതേ അവസ്ഥയിൽ കഴിയുന്ന തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ സാധിച്ചിട്ടില്ല. കോൺട്രാക്ട് തൊഴിലാളികളാണ് അല്ലെങ്കിൽ കാഷ്വൽ തൊഴിലാളികളാണ് എന്നുപറഞ്ഞുകൊണ്ട് അക്കരെയും ഇക്കരെയും താമസിക്കുന്നവരുടെ ഇടയിൽ ഇങ്ങനെ വിവേചനം വരുമ്പോൾ വലിയ ബുദ്ധിമുട്ടുണ്ടാകുന്നു. അതുകൊണ്ട് ഒരു റീ-സെറ്റിൽമെന്റ് പോളിസി, റീ-ഹാബിലിറ്റേഷൻ പോളിസി വേണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇവരെ മാറ്റി എവിടെ താമസിപ്പിക്കും, അവർക്ക് അതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്തെല്ലാം കൊടുക്കും ഇതെല്ലാം ഒരു റീ-സെറ്റിൽമെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ കൊണ്ടുവരണം. അങ്ങനെയുള്ള ഒരു റീ-സെറ്റിൽമെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ മാത്രമേ മൈനിംഗ് അനുവദിക്കാവൂ. ഭൂമി നഷ്ടപ്പെടുന്ന കുടുംബത്തിലെ ഒരാൾക്കെങ്കിലും ഒരു വരുമാനം കിട്ടുന്ന നിലയ്ക്കുള്ള ഒരു പോളിസി കൊണ്ടുവരണം, മത്സ്യത്തൊഴിലാളികളാണെങ്കിൽ തീരദേശത്ത് താമസിക്കുന്നവരാണ്. അവിടെ നിന്ന് മാറി താമസിക്കാൻ നിർബന്ധിതരാകുമ്പോൾ കടലുമായി ബന്ധപ്പെട്ട തൊഴിലിന് പോകാൻ പറ്റാതെ വരുന്നുണ്ട്. അതുകൊണ്ട് സ്ഥിരമായ തൊഴിൽ കൊടുക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. ഐ. ആർ. ഇ.-യും കെ. എം. എം. എൽ. -ഉം പൊതുവെ ഇക്കാര്യത്തിൽ അനുഭാവപൂർവ്വം അവരെ കോൺട്രാക്ട് സൈറ്റിലേക്കെങ്കിലുമുള്ള തൊഴിലാളികളാക്കി വരുമാനം കിട്ടുന്ന നിലയിലുള്ള ഒരു പോളിസി കൊണ്ടുവരണം. ആ പോളിസിയുടെ അടിസ്ഥാനത്തിൽ മാത്രമേ മൈനിംഗ് അനുവദിക്കാവൂ എന്നതാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, ഐ. ആർ. ഇ., കെ. എം. എം. എൽ. എന്നീ കമ്പനികൾ നെഗോഷിയേറ്റ് വ്യവസ്ഥപ്രകാരമാണ് സ്ഥലം മൈനിംഗിനായി ഏറ്റെടുക്കുന്നത്. ജില്ലാകളക്ടർ,

LIBRARY ARCHIVES Kerala Legislative Assembly